ഗ്യാരന്റിയോടുകൂടി ഉപരിതലം പുതുക്കുന്നതിന് ഹെവി മെയിന്റനൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ദേശീയപാതകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും മോർത്ത് സ്പെസിഫിക്കേഷനും, ഐ.ആർ.സി. ഗൈഡ് ലൈൻസും അനുസരിച്ചുള്ള ഡിസൈനും നിർമ്മാണരീതിയുമാണ് നിലവിലുള്ളത്. നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പേവർ ഫിനിഷർ, ബിറ്റുമിനസ് സ്പ്രേയർ, വൈബ്രേറ്ററി റോളർ തുടങ്ങിയ ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. കൂടാതെ നിർമ്മാണ ഘട്ടത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സംവിധാനങ്ങളോടും കൂടിയ ഗുണനിലവാര പരിശോധന ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിച്ച ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ടെസ്റ്റുകൾ നടത്തി നിർമ്മാണ നിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

(ബി) റോഡിന്റെ ഉപരിതലത്തിൽ കാലാകാലങ്ങളിലുണ്ടാകുന്ന കേടുപാടുകൾ നീക്കി സുഖകരമായ യാത്ര ലഭ്യമാക്കുക, റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്തുക, റോഡിന്റെ പരിപാലനത്തിന് ചെലവ് കുറയ്ക്കുക എന്നിവയാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) ടി പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ജി.ഒ.(എംഎസ്.)നമ്പർ 73/2013/പൊ.മ.വ്. തീയതി 31-8-2013 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം കരാറുകാർ പണികൾ ഏറ്റെടുക്കുമ്പോൾ ടി പണികൾക്കായുള്ള ഗ്യാരന്റി പിരീഡ് നിശ്ചയിച്ചുനൽകുന്നതുകൊണ്ട് പ്രസ്തുത കാലയളവിൽ ടി പണികളുടെ അറ്റകുറ്റപ്പണികൾ അതാത് കരാറുകാർ തന്നെ ചെയ്യേണ്ടതാണ്.

സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം

10(*250) ശ്രീ. ബി. സത്യൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം പ്രതിസന്ധിയിലായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉച്ചഭക്ഷണ പദ്ധതിക്ക് നൽകുന്ന തുക പ്രസ്തുത പദ്ധതി സുഗമമായി നടത്തുന്നതിന് പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓരോ കുട്ടിക്കും ഉച്ചഭക്ഷണം നൽകുന്നതിന് നിലവിൽ എത്ര തുകയാണ് നൽകിവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലയിലും പാചകക്കുലിയിലും ഉണ്ടായ വർദ്ധനവ് മൂലമുണ്ടായ ബാധ്യത വഹിക്കാൻ സർക്കാർ തയ്യാറാകാത്തത് എന്തുകൊണ്ടെന്നറിയിക്കുമോ;

(ഇ) പ്രസ്തുത സാഹചര്യത്തിൽ കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന മോണിറ്ററിംഗ് കമ്മിറ്റിയുടെ ആവശ്യം അംഗീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഇ) പച്ചക്കറി, പലവ്യഞ്ജനം, പയർവർഗ്ഗങ്ങൾ, എണ്ണ, വിറക് എന്നിവയുടെ ക്രമാതീതമായ വിലവർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് കണ്ടിജന്റ് ഇനത്തിൽ നൽകിവരുന്ന തുക കാലോചിതമായി പരിഷ്കരിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിന് സ്കൂൾ പ്രവൃത്തി ദിവസം കുട്ടിയൊന്നിന് 5 രൂപ നിരക്കിൽ നൽകി വരുന്ന തുക കുട്ടിയൊന്നിന് 10 രൂപ എന്ന നിരക്കിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക്

11(*251) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്. ഗ്രാമീണ റോഡുകളിലും ഗതാഗതം കുറഞ്ഞ റോഡുകളിലും

LIBRARY ARCHIVES Kerala Legislative Assembly